(ഡി) വിശദ വിവരം മുകളിൽ കാണിച്ചിരിക്കുന്ന വിധമാണ്.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഫണ്ട്

32 (421) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എത്ര കോടി രൂപയുടെ ഫണ്ട് സ്വരൂപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിലേയ്ക്ക് എത്ര കോടി രൂപ ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 500 കോടി രൂപ

(ബി) 507.06 കോടി രൂപ

(സി) കടപ്പത്രം വഴി 500 കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ആകെ 507.06 കോടി രൂപ പിരിഞ്ഞ് കിട്ടി. 13.25 ശതമാനം അർദ്ധ വാർഷിക പലിശ നിരക്കിൽ '7' വർഷത്തിന് ശേഷം തിരികെ നൽകുന്ന രീതിയിലാണ് തുക സമാഹരിച്ചിരിക്കുന്നത്. പലിശ അർദ്ധവാർഷികമായി നൽകുകയാണ് ചെയ്യുന്നത്.

ലക്ഷ്യമിട്ട റവന്യൂ വരുമാനവും യഥാർത്ഥ റവന്യൂ കളക്ഷനും

33 (422) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ഓരോ വർഷവും ലക്ഷ്യമിട്ട റവന്യൂ വരുമാനവും യഥാർത്ഥ റവന്യൂ കളക്ഷനും എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) 2000-2001 വർഷത്തിൽ റവന്യൂ കളക്ഷൻ എത്ര കോടി ആയിരിക്കുമെന്നാണ് കണക്കാക്കുന്നത് ;

(സി) ഈ വർഷത്തെ റവന്യൂ കമ്മി ഉദ്ദേശിച്ച നിലവാരത്തിൽ നിർത്താൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ റവന്യൂ കമ്മി എത്ര കണ്ട് ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) റവന്യൂ കമ്മി കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ നടപടികൾ മൂലം എത്രകണ്ട് കമ്മി കുറയ്ക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ)

വർഷം	ലക്ഷ്യമിട്ട വരുമാനം	യഥാർത്ഥ റവന്യൂ വരുമാനം
1996-97	6,465.25 രൂപ	6,145.08 കോടി രൂപ
1997-98	7,628.99 "	7,124.11 കോടി രൂപ
1998-99	8,174.62 "	7,260.59 കോടി രൂപ
1999-00	8,736.91 "	7,941.75 കോടി രൂപ
2000-01	10,170.35 "	അക്കൗണ്ടന്റ് ജനറലിൽ നിന്നും കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) ബഡ്ജറ്റ് വിഭാവനം ചെയ്ത തുക കണ്ടെത്താനാകുമെന്നാണ് കണക്കാക്കുന്നത്.

(സി&ഡി) അക്കൗണ്ടന്റ് ജനറലിൽ നിന്നും അവസാന കണക്കുകൾ ലഭ്യമായാൽ മാത്രമേ യഥാർത്ഥ റവന്യൂ കമ്മി അറിയാൻ കഴിയൂ.

(ഇ) നികുതി ഇനങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ള തുക പരമാവധി പിരിച്ചെടുക്കാനായി സംസ്ഥാനത്തെ പല മേഖലകളായി തിരിച്ച് ഓരോ മേഖലയേയും ഓരോ സീനിയർ ഐ.എ.എസ് ആഫീസർമാരുടെ കീഴിലാക്കിയിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെ പുരോഗതി സമയബന്ധിതമായി വിലയിരുത്താൻ ധനകാര്യ മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മേൽനോട്ടത്തിൽ റിവ്യൂ മീറ്റിംഗും നടത്താറുണ്ട്.

(എഫ്) അവസാന കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായാൽ മാത്രമേ കമ്മി എത്രകണ്ടു കുറഞ്ഞ് എന്ന് പറയാൻ കഴിയൂ.

ഡി. എ. നൽകുവാനുള്ള തുക

34 (T423) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര സർക്കാർ ഉദ്യോസ്ഥർക്ക് അനുവദിച്ച തോതിൽ കുടിശ്ശിക വന്നിട്ടുള്ള ഡി.എ. സംസ്ഥാന ജീവനക്കാർക്ക് നൽകുവാൻ എന്തു തുക വേണ്ടി വരും ?

ഉത്തരം

'T' മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly